പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *210 — 13-02-2013 ൽ മറുപടിക്ക്

## കേന്ദ്രപൊതുമേഖലാ-സംയുക്ത വ്യവസായ സംരംഭങ്ങളുടെ വികസനം

ചോദ്യം

**ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ**
**ശ്രീ. വി.ചെന്താമരാക്ഷൻ**
**ശ്രീ. വി.ശിവൻകുട്ടി**
**ശ്രീ. സി.കെ.സദാശിവൻ**

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് അനുവദിക്കപ്പെട്ട കേന്ദ്രപൊതുമേഖലാ സംയുക്ത വ്യവസായ സംരംഭങ്ങളുടെ വികസനം ഉറപ്പാക്കുന്നതിന് പരിഗണിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് അംഗീകാരം ലഭിച്ച കേന്ദ്രപൊതുമേഖലാ സംയുക്ത സംരംഭങ്ങൾ ഏതൊക്കെയായിരുന്നു; അവ ഓരോന്നിന്റെയും തുടർ വികസന പദ്ധതികളും ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും സംബന്ധിച്ച് വിലയിരുത്തുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

ഉത്തരം

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് അനുവദിക്കപ്പെട്ട കേന്ദ്രപൊതു മേഖലാ സംയുക്ത വ്യവസായ സംരംഭങ്ങളുടെ വികസനം ഉറപ്പാക്കുന്നതിന് വേണ്ട എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് അംഗീകാരം ലഭിച്ച കേന്ദ്ര പൊതുമേഖലാ സംയുക്ത വ്യവ്യസായ സംരംഭങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) **ടെൽക്-എൻ.ടി.പി.സി:** എൻ.ടി.പി.സിയുമായുള്ള സംയുക്ത കരാറിലൂടെ ടെൽക് ഏകദേശം 188 കോടി രൂപയുടെ വികസനത്തിന് ലക്ഷ്യമിടുന്നു.

(2) **കെൽടെക്-ഡി.ആർ.ഡി.ഒ :** സംസ്ഥാന പൊതുമേഖലാസ്ഥാപനമായ കെൽടെക് ഡി.ആർ.ഡി.ഒ ഏറ്റെടുത്ത് ബ്രഹ്മോസ് എയറോസ്പേയ്സ് എന്ന പേരിൽ പ്രതിരോധ മേഖലയിലെ കേരളത്തിലെ ആദ്യത്തെ ഉല്പാദന യൂണിറ്റ് ആരംഭിച്ചു. ഇതിന്റെ വിക

സന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ഈ സർക്കാർ വിട്ടുകൊടുത്തിട്ടുണ്ട്.

(3) <u>സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും തമ്മിലുള്ള സംയുക്ത സംരംഭം:</u> ഇതിന്റെ വികസനത്തിന്റെ ഭാഗമായി റോളിംഗ് മിൽ സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ 13 കോടിയോളം രൂപ അനുവദിച്ചു കഴിഞ്ഞു.

(4) കെല്ലിന്റെ കാസർകോഡ് യൂണിറ്റ് ബി.എച്ച്.ഇ.എല്ലിന് കൈമാറ്റം ചെയ്തു. പുതിയ യൂണിറ്റായ ബി.എച്ച്.ഇ.എൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു

(5) ആട്ടോകാസ്റ്റ്-എസ്.എഫ്.യു- ഇന്ത്യൻ റെയിൽവേയുമായിട്ടുള്ള സംയുക്ത സംരംഭത്തിനുള്ള നടപടികളിൽ പുരോഗതി ഉണ്ടായിട്ടില്ല.

ഇതുകൂടാതെ മുൻസർക്കാരിന്റെ കാലത്ത് കേന്ദ്രപ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ താഴെപറയുന്ന മൂന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(1) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, കിൻഫ്രാ ഹൈടെക് പാർക്ക്, കൊച്ചി.

(2) ബി.ഇ.എം.എൽ, കിൻഫ്രാ പാർക്ക് പാലക്കാട്.

(3) ഹിന്ദുസ്ഥാൻ എയറോനോട്ടിക് ലിമിറ്റഡ്, കിൻഫ്രാ സ്മാൾ ഇൻഡസ്ട്രിയൽ പാർക്ക്, സീതാംഗോലി, കാസർകോഡ്.

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും സ്ഥാപനങ്ങൾ പുതുതായി സംസ്ഥാനത്ത് കൊണ്ടുവരുകയുണ്ടായോ?

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഗെയിൽ ഇന്ത്യാ ലിമിറ്റഡും കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷനും ചേർന്ന് 'കേരള ഗെയിൽ ഗ്യാസ്' എന്ന പേരിൽ സംയുക്ത സംരംഭം ആരംഭിച്ചിട്ടുണ്ട്. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിനുള്ള പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു. മറ്റു സാധ്യതകൾ സർക്കാർ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ